**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 258** **26-06-2024 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ കൂടുതൽ അതിഥി തൊഴിലാളികൾ ജോലി ചെയ്യുന്നതായ കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട കൊണ്ട് 2017 മുതൽ ആവാസ് പദ്ധതി നിലവിലുണ്ട്. ടി പദ്ധതി പ്രകാരം 5,16,320 തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ നിയന്ത്രണത്തിലുള്ള കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി 2010 പ്രകാരം നിലവിൽ 1,64,761 അതിഥി തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് അതിഥി പോർട്ടൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. ആയതിലൂടെ സംസ്ഥാനത്തേക്ക് കുടിയേറുന്നതിന് മുമ്പേതന്നെ ടി തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാക്കുവാനും സഹായിക്കുന്നു. അതിഥി പോർട്ടൽ അതിഥി ആപ്പ് ആക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. 20/06/2024 തീയതി വരെ 1,36,967 അതിഥി തൊഴിലാളികൾ അതിഥി പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ അവരുടെ രജിസ്ട്രേഷൻ കൃത്യമായി നടത്തണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ; | (ബി) | ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സ്ക്വാഡ് പരിശോധനകൾ നടത്തുമ്പോൾ അതിഥി തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങൾ, ക്യാമ്പുകൾ, കെട്ടിട നിർമ്മാണ സൈറ്റുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തുകയും അതിഥി പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത തൊഴിലാളികളെ രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | വ്യവസ്ഥകൾ പാലിക്കാത്ത കരാറുകാർക്കെതിരെ സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കുമോ; | (സി) | അഞ്ചോ അതിലധികമോ കുടിയേറ്റ തൊഴിലാളികൾ ജോലി ചെയ്യുന്നതോ അല്ലെങ്കിൽ കഴിഞ്ഞ 12 മാസങ്ങളിൽ ഏതെങ്കിലും ദിവസത്തിൽ ജോലി ചെയ്തിരുന്നതോ ആയ എല്ലാ സ്ഥാപനങ്ങൾക്കും അഞ്ചോ അതിലധികമോ കുടിയേറ്റ തൊഴിലാളികൾ ജോലി ചെയ്യുന്ന അല്ലെങ്കിൽ ചെയ്യിക്കുന്ന എല്ലാ കരാറുകാർക്കും 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്റ്റ് ബാധകമാണ്. ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ നിയമിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനം രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ട്. ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ റിക്രൂട്ട് ചെയ്യാനോ ജോലിക്ക് നിയോഗിക്കാനോ ഉദ്ദേശിക്കുന്ന ഓരോ കരാറുകാരനും സർക്കാർ നിയമിച്ച നിർദ്ദിഷ്ട അതോറിറ്റിയിൽ നിന്ന് ബന്ധപ്പെട്ട ലൈസൻസ് നേടേണ്ടതുണ്ട്. സംസ്ഥാനത്തെ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം പരിശോധനകൾ നടത്തുമ്പോൾ ഏജന്റുമാർ, കോൺട്രാക്ടർമാർ എന്നിവർ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തുന്നതാണ്. ഇത്തരത്തിൽ രജിസ്ട്രേഷൻ/ ലൈസൻസ് എടുത്തിട്ടില്ലാത്ത കരാറുകാർക്കെതിരെ നോട്ടീസ് നൽകുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| (ഡി) | അതിഥി തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ഡി) | അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യപരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 2017 മുതൽ ആവാസ് പദ്ധതി നിലവിലുണ്ട്. ടി പദ്ധതി പ്രകാരം 5,16,320 തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി 2010 പ്രകാരം നിലവിൽ 1,64,761 അതിഥി തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് അതിഥി പോർട്ടൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. ആയതിലൂടെ സംസ്ഥാനത്തേക്ക് കുടിയേറുന്നതിന് മുമ്പേതന്നെ ടി തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാക്കുവാനും സഹായിക്കുന്നു. തൊഴിലുടമയ്ക്കും കരാറുകാർക്കും തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരവരുടെ തൊഴിലാളികളുടെ വിശദാംശങ്ങൾ സമർപ്പിക്കുന്നതിനും പോർട്ടലിലൂടെ സാധിക്കുന്നു. ടി |

| | | | |
|---|---|---|---|
| | | | പോർട്ടൽ മൊബൈൽ ആപ്ലിക്കേഷൻ ആക്കുന്നതിനുള്ള അന്തിമ നടപടികൾ നടന്നുവരുന്നു. ഇതരസംസ്ഥാന തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾ ലഭ്യമാക്കുന്നതിന് രജിസ്ട്രേഷൻ നിർബന്ധമാക്കുന്നത് ഉദ്ദേശിച്ചുകൊണ്ട് Kerala Interstate Migrant Workers Welfare Registration Ordinanceകൊണ്ടുവരുന്ന വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ